# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3463** **12.05.2017** -ൽ മറുപടിക്ക്

## <u>ആറന്മുള വാസ്തുവിദ്യാ ഗുരുകലത്തിന്റെ ജനറൽ കൗൺസിൽ</u>

<u>ചോദ്യം</u>

ശ്രീ.അടൂർ പ്രകാശ്
ശ്രീ.വി.ടി.ബൽറാം
ശ്രീ.എ.പി.അനിൽ കുമാർ
ശ്രീ.വി.എസ്.ശിവകുമാർ

<u>ഉത്തരം</u>

ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആറന്മുള വാസ്തുവിദ്യാ ഗുരുകലത്തിന്റെ ജനറൽ കൗൺസിൽ പുന:സംഘടിപ്പി ച്ചിട്ടുണ്ടോ ; | (എ) | 15.03.2017-ലെ സ.ഉ. (സാധാ.) നം. 153/2017/സാം.ക.വ. ഉത്തരവ് പ്രകാരം ആറന്മുള വാസ്തുവിദ്യാ ഗുരുകലത്തിന്റെ ജനറൽ കൗൺസിൽ പുന:സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത ജനറൽ കൗൺസിലിൽ വാസ്തുവിദ്യയുമായി ബന്ധമുള്ള എത്ര പേരുണ്ട്; അവരുടെ പേരുവിവരം നൽകുമോ; | (ബി) | വാസ്തു വിദ്യാ ഗുരുകലത്തിന്റെ ബൈലോയിൽ വകുപ്പ് VIII 3 a ( j ) പ്രകാരം വ്യത്യസ്ത മേഖലകളിൽ സംഭാവനകൾ നൽകിയ 8 പേരെ ഭരണസമിതിയിലേക്ക് സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്. ഇതിൽ 3 പേർ വനിതകളും, ഒരാൾ എസ്.സി/എസ്.ടി വിഭാഗത്തിൽ നിന്നും ഒരാൾ വിശ്വകർമ്മ വിഭാഗത്തിൽ നിന്നും ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചു കൊണ്ടാണ് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭരണസമിതി പുന:സംഘടിപ്പിച്ചിരിക്കുന്നത്. |
| (സി) | ജനറൽ കൗൺസിലിൽ നിന്നും വാസ്തു വിദ്യയിൽ കുലപതിയായ കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിയെ ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ? | (സി) | വാസ്തു വിദ്യയിൽ കുലപതിയായ ശ്രീ കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിയെ ഈ മേഖലയിലെ അദ്ദേഹത്തിന്റെ സംഭാവനകൾ പരിഗണിച്ച് വാസ്തു വിദ്യാ ഗുരുകലത്തിന്റെ ഡീൻ ആയി നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ജനറൽ കൗൺസിൽ അംഗമായി നിയമിക്കുവാനും നിശ്ചയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**